DESPATCHED
On..11/01/23



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 2780(3)/2018** *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.10565/*എസ്.ഐ.സി–ജി 1/2018*)**

**സന്നിഹിതൻ**

**ശ്രീ.എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി :05.01.2023**

| | |
|---|---|
| ശ്രീമതി രമ്യ കെ.എസ്.<br>കേളോത്ത് ഹൗസ്<br>പട്ടാണിപ്പാറ, ആവടുക്ക പി.ഒ.<br>കോഴിക്കോട് 673528 | അപ്പീൽ ഹർജിക്കാരി |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>പ്രിൻസിപ്പൽ<br>ജെ.എൻ.എം.ജി.എച്ച്.എസ്.എസ്.<br>പുതുപ്പണം, വടകര, കോഴിക്കോട്.<br><br>2. അപ്പീൽ അധികാരി &<br>റീജിനൽ ഡെപ്യൂട്ടി ഡയറക്ടർ<br>ഹയർ സെക്കണ്ടറി വിഭാഗം<br>കോഴിക്കോട് മേഖലാ കാര്യാലയം,<br>കോഴിക്കോട്. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 10.07.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 01.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23.08.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19.09.2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 28.09.2018 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ പെരുവണ്ണാമൂഴി ആവട്ടക്ക പട്ടാണിപാറ കേളോത്ത് വീട്ടിൽ ശ്രീമതി.രമ്യ.കെ.എസ്, വടകര, പുതുപ്പണം, ജെ.എൻ.എം, ജി.എച്ച്.എസ്. എസ്സി ലെ, എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിച്ചില്ലായെന്നതാണ് ഈ രണ്ടാം അപ്പീലിന് ആധാരം.

2. ആ സ്ഥാപനത്തിൽ 2018 ജൂൺ 21 ന് എച്ച്.എസ്.എസ്.റ്റി ഇക്കോണമിക്സ്(സീനിയർ) തസ്തികയിലേക്ക് നിയമനത്തിന് ഇൻറർവ്യൂ നടത്തിയിരുന്നോ? അതോ ബയോഡാറ്റ പൂരിപ്പിച്ച് വാങ്ങി നൽകുക മാത്രമാണോ ചെയ്തിരുന്നത്? ഏത ദിവസമാണ് ഇൻർവ്യൂ നടത്തിയിരുന്നത്? ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ ആരൊക്കെയായിരുന്നു? മൊത്തം എത്ര ഉദ്യോഗാർത്ഥികൾ പങ്കെടുത്തു? തുടങ്ങിയ വിവരങ്ങളാണ് അന്വേഷിച്ചത്. ഇവയെല്ലാം കൂടി 'കേരള സർക്കാറും ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പും നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും കൃത്യമായി പാലിച്ചുകൊണ്ടാണ് നിയമനം നടത്തിയിട്ടുള്ളത്' എന്ന മറുപടിയാണ് നൽകിയത്.

3. ഇത് വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിക്കുന്ന ജനങ്ങളെ കളിയാക്കുന്നതും, നിയമത്തെ പുച്ഛിക്കുന്നതുമായ സമീപനമാണ്. ഇക്കാര്യത്തിൽ കമ്മീഷൻ റിപ്പോർട്ട് തേടിയെങ്കിലും മറുപടി നൽകാതിരുന്ന സാഹചര്യത്തിലാണ് 16.12.2022 ൽ കോഴിക്കോട് നടത്തിയ ഹിയറിംഗിൽ പ്രിൻസിപ്പലിനേയും (സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ) ശ്രീ ടി.സി സത്യനാഥനേയും (10.7.2018 ലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ) 19.12.2022 ലെ ഉത്തരവു പ്രകാരം കമ്മീഷൻ ആസ്ഥാനത്തേക്ക് നേരിൽ ഹാജരാകാൻ നിർദ്ദേശിച്ചത്. ശ്രീമതി രമ്യ കെ.എസ്. 2018 ജൂലൈ 10 ന് സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ നൽകാതിരുന്നതിന് വ്യക്തമായ കാരണങ്ങൾ കമ്മീഷനെ ബോധ്യപ്പെടുത്താൻ ഇരുവർക്കും കഴിയാതിരുന്ന സാഹചര്യത്തിൽ മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട അനുബന്ധ രേഖകളുമായി 2023 ജനുവരി 4 ന് കമ്മീഷൻ ആസ്ഥാനത്ത് എത്താനായിരുന്നു ഉത്തരവ്. അപ്രകാരം ശ്രീമതി നിഷ, ശ്രീ.സത്യനാഥൻ എന്നിവർ കമ്മീഷൻ ആസ്ഥാനത്ത് കമ്മീഷനു മുമ്പാകെ വീണ്ടും ഹാജരാവുകയും താഴെപ്പറയും പ്രകാരം ബോധിപ്പിക്കുകയും ചെയ്തു:

1. ശ്രീമതി രമ്യ കെ.എസ്. ഒരപേക്ഷയിൽ 26 ചോദ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്.
2. അവയ്ക്ക് വ്യക്തവും കൃത്യവുമായ മറുപടി നൽകാൻ ശ്രമിച്ചിട്ടുണ്ട്.

3. ഓഫീസിൽ വന്ന് രേഖകൾ കാണാൻ അവരെ ക്ഷണിച്ചെങ്കിലും അവർ എത്തിയിട്ടില്ല തുടർന്ന് ശ്രീമതി രമ്യ കെ.എസ്., കേളോത്ത് ഹൗസ്, പട്ടാണിപ്പാറ ആവടുക്ക(പി.ഒ.), പെരുവണ്ണാമൂഴി, കോഴിക്കോട് എന്ന ഹർജിക്കാരിയുടെ വിലാസത്തിലേക്ക് മറുപടി ആദ്യം അയച്ചു കൊടുത്തിരുന്നു.
4. കമ്മീഷന്റെ ഹിയറിംഗിനു ശേഷം അവർക്ക് ഇതേ വിലാസത്തിൽ രജിസ്റ്റേഡ് തപാലായും മറുപടി അയച്ചിരുന്നു. എന്നാൽ ഇവ കൈപ്പറ്റാതെ മടങ്ങിവരുകയാണുണ്ടായത്.
5. ഇക്കാര്യത്തിൽ കമ്മീഷന് നിർദ്ദേശിക്കുന്ന ഏതു മാർഗ്ഗത്തിലൂടെയും വിവരം ലഭ്യമാക്കാൻ സന്നദ്ധമാണ്.

4. കമ്മീഷൻ ഇരുവരെയും വിശദമായി കേട്ടശേഷം,

**2023 ജനുവരി 21 നകം** ശ്രീമതി രമ്യ കെ.എസ് 10.07.2018 ൽ ആവശ്യപ്പെട്ട വിവരങ്ങൾ അവർക്ക് ഒരിക്കൽ കൂടി രജിസ്റ്റേഡ് ആയി തപാൽ കൈപ്പറ്റ് കാർഡ് സഹിതം അയക്കണമെന്നും അത് അവർ കൈപ്പറ്റുന്ന പക്ഷം കാർഡിൽ അപ്പീൽ ഹർജിക്കാരിയുടെ കൈയ്യൊപ്പുള്ള ഭാഗത്തിന്റെ പകർപ്പ് സഹിതമുള്ള റിപ്പോർട്ട് **2023 ജനുവരി 27 നകം** ഈ കമ്മീഷനിൽ ലഭ്യമാക്കണമെന്നും അല്ലാത്ത പക്ഷം തപാൽ മടങ്ങി വന്ന രേഖയുടെ പകർപ്പ് മേൽ തീയതിക്കകം കമ്മീഷനിൽ ഹാജരാക്കണമെന്നും എതിർ കക്ഷിയായ എസ്.പി.ഐ.ഒ.യോട് നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം (2023 ജനുവരി മാസം 5-ാം തീയതി) കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൾ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

NAS

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION